പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5785 29.07.2015-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിലെ മരാമത്ത് പണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടക്കുന്ന മരാമത്തു പണികൾ കുറ്റമറ്റരീതിയിൽ നടത്തുവാൻ നടപടി സ്വീകരിക്കാമോ ; | (എ) | കുറ്റമറ്റ രീതിയിൽ നടത്തുവാനുള്ള സംവിധാനമാണ് നിലവിലുള്ളത്. വീഴ്ചകൾ ശ്രദ്ധയിൽപെട്ടാൽ കർശന നടപടി സ്വീകരിക്കാറുണ്ട്. |
| (ബി) | പല കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിലെയും മറ്റും ടാറിംഗ് ഉൾപ്പെടെയുള്ള പണികൾക്കും മരാമത്തു പണികൾക്കുമായി നിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിച്ചുവരുന്നതായി വാർത്തകളുണ്ടായിട്ടും ഇതിന്മേൽ ബന്ധപ്പെട്ടവർ നടപടി സ്വീകരിക്കാത്തതിനെക്കുറിച്ചന്വേഷിക്കുമോ എന്ന് വ്യക്തമാക്കുമോ ; | (ബി) | Major workകൾക്ക് ഉപയോഗിക്കുന്ന സാധനസാമഗ്രികൾ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ഗുണനിലവാരം ഉറപ്പ് വരുത്തിയാണ് ഉപയോഗിക്കാൻ അനുവദിക്കുന്നത് കൂടാതെ PWD Manual പ്രകാരം Chief Technical Examiner-ക്ക് റിപ്പോർട്ട് ചെയ്ത ശേഷം മാത്രമാണ് പണി നടത്തുന്നത്. |
| (സി) | സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കെ.എസ്.ആർ.ടി.സി യുടെ മരാമത്ത് പണികൾ ചെയ്യുന്ന ചില കോൺട്രാക്ടർമാർ വർഷങ്ങളായി വേണ്ടരീതിയിൽ പണി നടത്താതെ ബില്ലുകൾ യഥാസമയം പാസ്സാക്കി തുകകൾ കൈപ്പറ്റിവരുന്നത് അന്വേഷിക്കാമോ ; ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ വേണ്ട രീതിയിൽ പണി നടത്താതെ ബില്ലുകൾ യഥാസമയം പാസ്സാക്കി തുകകൾ കൈപ്പറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ